കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ്, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി .10/1664/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി 5.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

കെ.എസ്.എ..റ്റി.വി.എം/ജി.പി.10/1664/17 തീയതി 5.8.2017

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം
പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.07.2017മുതൽ 27.07.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.നിസാമുദ്ദീൻ.എ, | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എസ്.സുജേഷ്<br>ശ്രീ.പ്രകാശ് കൃഷ്ണൻ | ഓഡിറ്റർ(സീ.ഗ്രേഡ്)<br>ഓഡിറ്റർ(സീ.ഗ്രേഡ്) |

| | | | |
|---|---|---|---|
| | | ശ്രീ.ശരത്.ജെ.ശങ്കർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.അസീനാ ബീവി 01.04.2016മുതൽ31.03.2017 വരെ

സെക്രട്ടറി : ശ്രീ.പി.കെ.സുരേഷ് 01.04.2016മുതൽ 20-07-16 വരെ

ശ്രീ.എസ്.പ്രസന്നൻ 21-07-2016 മുതൽ 28-07-16 വരെ

ശ്രീ.പി.കെ.സുരേഷ് 29-07-2016 മുതൽ 31-3-17 വരെ

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.എസ്.മനോജ് 01-04-16 മുതൽ 23-06-2016 വരെ

ശ്രീ.നജീം 24-06-16 മുതൽ 31-03-17 വരെ

അസിസ്റ്റന്റ് എഞ്ചിനീയർ. ശ്രീ.ജിജു.വി 01.04.2016മുതൽ26.07.16വരെ

ശ്രീമതി.എസ്.രജനി 27-06.2016 മുതൽ 31.03.17 വരെ

വി.ഇ.ഒ ശ്രീ.ഷാനവാസ്.എ 1.4.2016 മുതൽ 10.11.2016 വരെ
ശ്രീ.വിനോദ് 11.11.2016 മുതൽ 31.3.2017 വരെ

ഹെഡ് മാസ്റ്റർ ശ്രീ. കെ. സതീശൻ 1.4.2016 മുതൽ 31.3.2017 വരെ

വെറ്ററിനറി സർജൻ ഡോ.സി.എൻ.സ്പിനോള 1.4.2016 മുതൽ 31.3.2017 വരെ

കൃഷി ഓഫീസർ ശ്രീമതി.ഷീബ തോമസ് 01.04.2016 മുതൽ 31.03.2017 വരെ

ഐ.സി.ഡി.എസ് ശ്രീമതി.എസ്.ശ്രീജ 1.4.2016 മുതൽ 31.3.2017 വരെ

മെഡിക്കൽ ഓഫീസർ ഡോ.ഷറഫുദ്ദീൻ 1.4.2016 മുതൽ 31.3.2017വരെ (പി.എച്ച്.സി )

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 വരവുകൾ | | |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 2.1 | |
| 13 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | 2.2 | |
| 14 | ഡി ആന്റ് ഓ ലൈസൻസ് യഥാസമയം പുതുക്കി നൽകിയില്ല | 2.3 | |
| 15 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 2.4 | |
| | ഭാഗം 3 ചെലവുകൾ | | |
| 16 | സെന്ററിംഗ്,ഷട്ടറിംഗ്-അധിക നിരക്ക് അനുവദിച്ചു. തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-1 | |
| 17 | ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ചതിൽ കുറവ് -വിശദീകരണം നൽകേണ്ടതാണ്. | 3-2 | |
| 18 | ലൈബ്രറി സെസ്സ്-അടവാക്കുന്നതിൽ | 3-3 | |

| | | | |
|---|---|---|---|
| | കാലതാമസം | | |
| 19 | ഓഫീസ് വാഹനത്തിന്റെ ഉപയോഗം- വ്യവസ്ഥകൾ പാലിക്കുന്നില്ല | 3-4 | |
| | ഭാഗം 4 | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ | 4.1 | |
| 21 | ഡെപ്പോസിറ്റ് ഡെപ്പാസിറ്റ് വർക്കിന് നൽകിയ തുകയുടെ വിശദാംശങ്ങൾ | 4.2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4.3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 25 | ഓഡിറ്റ് റിക്കവറി | 4.6 | |
| 26 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ആസ്തി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഇ.എം.ഡി രജിസ്റ്റർ എന്നിവയും കാലികമാക്കിയിട്ടില്ല.

2016-17വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 145098549 രൂപയും പ്രതീക്ഷിത ചെലവ് 144259950 രൂപയും നീക്കിയിരിപ്പ് 838599 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31-07-17 | | – |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| - | ഇല്ല | - |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 4681092.30

വരവ് - 42517189

ആകെ - 47198281.30

ചെലവ് - 39335815

നീക്കിബാക്കി - 7862466.30

## 1-5 ഫണ്ട് വിനിയോഗം (റസീപ്റ്റ് ആന്റ് പേയ്മെന്റ്)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11630290 | 11630290 | 11630290 | 0 | |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3860240 | 3860240 | 3860240 | 0 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 147009 | 147009 | 147009 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1979010 | 1979010 | 1979010 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2802702 | 2802702 | 2802702 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3745690 | 3745690 | 3745690 | 0 | |
| എം.എൻ.ആർ.ഇ.ജി,എസ് | 8965 | (34492053) 1089702 | 1098667 | 1073691 | 24976 | |
| ബി ഫണ്ട് | 0 | (35496300) 306720 | (35496300) 306720 | (35496300) 306720 | 0 | |
| സാക്ഷരത | 12103.55 | 17731 | 29834.55 | 0 | 29834 | |
| ടോട്ടൽ സാനിട്ടേഷൻ | | 2379000 | 2379000 | 321000 | 2058000 | |
| തനത് വരവ് | 878603.92 | 6165753 | 7044356.92 | 5287346 | 1757010.92 | |
| ഐ.സി.ഡി.എസ് | 148437 | 827522 | 975959 | 500000 | 475959 | |
| ക്യാഷ് | 43291 | 5727 | 49018 | 43291 | 5727 | |
| തനത് ഫണ്ട് (ട്രഷറി) | 224 | 0 | 224 | 0 | 224 | |
| തിരുവനന്തപുരം ജില്ല സഹകരണ ബാങ്ക് | 297.83 | 27861 | 28158.83 | 0 | 28158.83 | |
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 3589170 | 7532232 | 11121042 | 7638466 | 3482576 | |
| | 4681092.3 | 42517189 | 47198281.3 | 39335815.3 | 7862466 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 54259126 | 91 | 25945611 | 24 | 50 | 55.15 |

ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| തൊഴിൽ നികുതി | 666030 | 651300 | 14730 | |
| കെട്ടിട നികുതി | 958880 | 1397817 | 438937 | |
| ലേലം | 7235 | 32321 | 25086 | |
| ഡി & ഒ ലൈസൻസ് | 39200 | 52830 | 13630 | |
| മറ്റുവരവുകൾ | 396202 | 4065073 | 3668871 | |
| ആകെ | 2067547 | 6199341 | 4161254 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ചെലവഴിച്ച തുക* | *ഗുണഭോക്താക്കളുടെ എണ്ണം* |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 7306720 | 325 |
| കർഷകതൊഴിലാളി പെൻഷൻ | 3853000 | 498 |
| വിധവാപെൻഷൻ | 10290800 | 1123 |
| വാർദ്ധക്യകാലപെൻഷൻ | 18815600 | 2046 |
| വികലാംഗപെൻഷൻ | 2323100 | 251 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം (Above 50 Years) | 213800 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2017 10.00മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7118 രൂപ ക്യാഷ് ബാലൻസിന്റ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ,ഇ.എം.ഡി രജിസ്റ്റർ എന്നിവ കാലികമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-05-2017 | 04/2017 | ഇല്ല |
| അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 2005 ആഗസ്റ്റ് 01 മുതൽ 18 വരെ | 1997-98 മുതൽ 2004-05 വരെ | 28-09-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) തെള്ളിക്കച്ചാൽ ക്ഷീരോൽപ്പാദന സഹകരണ സംഘം

ബി) എം.കെ ഹോളോബ്രിക്സ് മുക്കടിൽ

സി) പത്മനാഭാ ഫിനാൻസ്

ഇതിനുപുറമേ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അരവിന്ദ് ഫിനാൻസ് എന്ന സ്ഥാപനം 2016-17 വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/22-07-17) തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്.

### 2-2 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമനം | വാർഡ് നം | കെട്ടിട നമ്പർ | മൊബൈൽ കമ്പനിയുടെ പേര് | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1 | III | 338 | ഐഡിയ, തേമ്പാംമൂട്, പുല്ലമ്പാറ | 25200 |
| 2 | III | 339 | വൊഡാഫോൺ പുല്ലമ്പാറ | 18900 |
| 3 | III | 356 | എയർടെൽ, തേമ്പാംമൂട്,പുല്ലമ്പാറ | 16800 |
| 4 | XV | 129 | -വിശദാംശം ലഭ്യമല്ല- | 115188 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തില്ലെങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെടും. ആയതിനാൽ വസ്തു നികുതി അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഓ ലൈസൻസ് യഥാസമയം പുതുക്കി നൽകിയില്ല.

2015-16 വർഷം ഡി ആന്റ് ഓ ലൈസൻസ് നൽകിയ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17 വർഷം ലൈസൻസ് പുതുക്കി നൽകിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിച്ച് വരുന്നുണ്ടെന്നും അവയിൽ നിന്നും ലൈസൻസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

| ക്രമ നം | പേരും വിലാസവും | വാർഡ് നം | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.അബ്ദുൾ അസീസ് | IV | സ്റ്റേഷനറി വ്യാപാരം |
| 2 | ശ്രീ.പ്രസന്നകുമാരൻ നായർ | IV | സ്റ്റേഷനറി വ്യാപാരം |
| 3 | ശ്രീ.അലിയാരുകുഞ്ഞ്, തോണ്ടലിൽ വീട് | VI | വിളക്കെണ്ണ, സോപ്പ് വ്യാപാരം |
| 4 | ശ്രീ.ദിനേശ്, എൽ.ബി നിവാസ് | VI | ഇലക്ട്രിക്കൽ വ്യാപാരം |
| 5 | ശ്രീ.അനിൽകുമാർ, എ.എസ് ഭവൻ | VIII | സ്റ്റേഷനറി വ്യാപാരം |
| 6 | ശ്രീ.രാജൻ, കിഴക്കുംകര പുത്തൻവീട് | VIII | ബാർബർ ഷോപ്പ് |
| 7 | ശ്രീ.അബ്ദുൾ ഖാദർ, ബുഷ്റ മൻസിൽ | VIII | ഹോളോബ്രിക്സ് |
| 8 | ശ്രീമതി.മുഹരിഫാ ബീവി | IX | ഫാൻസി സ്റ്റോർ |
| 9 | ശ്രീ.സലിം, കുന്നിക്കോട് വീട്, തേമ്പാംമൂട് | IX | ബാർബർ ഷോപ്പ് |
| 10 | ശ്രീമതി.സഫീന, | IX | റബ്ബർ വ്യാപാരം |

| | | | |
|---|---|---|---|
| | എസ്.പി കോട്ടേജ് | | |
| 11 | ശ്രീ.ഹാഷിം, തേമ്പാംമൂട് | XI | ഹോട്ടൽ |
| 12 | ശ്രീ.രാജേന്ദ്രൻ നായർ, ശ്രീശൈലം | XI | സ്റ്റേഷനറി |

## 2-4 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

14.01.2011 ലെ സർക്കാർ ഉത്തരവ് (അ) നം.20/11/തസ്വഭവ പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങളും 13.03.2013 ലെ സ.ഉ(പി) നം. 88/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 14-01-2011 ൽ സ.ഉ(അ)നമ്പർ 19/11/തസ്വഭവ നമ്പർ ഉത്തരവും 24.02.2015 ലെ സർക്കാർ ഉത്തരവ് (അ)നം.36/2015/തസ്വഭവ ആയി ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ചതിൽ വസ്തു നികുതി പരിഷ്കരണ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 11 ന് ) ലഭിച്ച മറുപടി പ്രകാരം സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള നടപടികൾ ഇപ്പോഴും നടന്നുവരികയാണെന്നും ആയത് ജൂലൈ 31 നകം പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്ററിംഗ്,ഷട്ടറിംഗ്-അധിക നിരക്ക് അനുവദിച്ചു. തുക തിരിച്ചടയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നംപർ | എസ്റ്റിമേറ്റ്, ഫണ്ടിനം | കരാറുകാരൻ | അളവ് പുസ്തകം | ബിൽ നംപർ, തീയതി |
|---|---|---|---|---|---|
| 1 | കൊടിവിളാകം ബാലൻ പച്ച റോഡ് S0003/16-17 | 800000<br>(D F GEN ) | ഹാഷിം. എ (20%below) | 371/<br>16-17 | 18/16-17<br>Dt.31.3.17 |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 5പ്രകാരം ഡ്രെയിനേജ് നിർമ്മിക്കുന്നതിന് സെന്ററിംഗ്, ഷട്ടറിംഗിന് അനുവദനീയമായത് foundations, footings, bases of columns etc.for mass concrete-5.9.1ആണെന്ന് ഡി.എസ്.ആർ ഡാറ്റാ വ്യക്തമാക്കുന്നു. എന്നാൽ എസ്റ്റിമേറ്റ് ഇനം 5പ്രകാരം

അനുവദിച്ചിരിക്കുന്നത് 5.9.6 columns, pillars, piers, abutments, posts and strutsഎന്നതിനുള്ള നിരക്കാണ്. ഈയിനത്തിൽ 26137.68/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

139.15m2x515.43=71722-14344.4 = 57377.68 (tender below 20%)

139.15m2x280.64=39051—7810.20 = 31240 (tender below 20%)

Excess = 57377.68-31240 = 26137.68

26137.68 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുകയോ അധിക നിരക്ക് അനുവദിച്ച എഞ്ചിനിയറിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ചതിൽ കുറവ് -വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്, നമ്പർ | എസ്റ്റിമേറ്റ്,ഫണ്ടിനം | കൺവീനർ | അളവ് പുസ്തകം | ബിൽ നംപർ, തീയതി |
|---|---|---|---|---|---|
| 1 | കൃഷി ഭവൻ 1002/16 | 200000 (MG N-Road) | ബിജുകുമാർ, ചലിപ്പൻകോണത്ത് പുത്തൻവീട്, മാമൂട്, മുക്കടിൽ | 21/6-17 | 2/16-17 Dt.25.1.2017 |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കല്ല് കെട്ട് പൊളിക്കുക എന്ന ഇനം ഉൾപ്പെടുത്തിയിരുന്നു. അളവ് പുസ്തകം പ്രകാരം $22.5m^3$ പാറ പൊളിച്ചുവെങ്കിലും$13m^3$ കല്ല് മാത്രമാണ് ഉപയോഗിച്ചത്. ഇനം 4കല്ല് കെട്ട് പൊളിച്ച് ഉപയോഗ പ്രദമായത് അട്ടി വയ്ക്കൽ അനുവദിച്ച നിരക്കും തുകയും $22.5m^3$ x$1117.82/m^3$ =25150.95

ഇനം 2 പ്രകാരം 15.237 m3 കല്ല് കെട്ടുകയും ഇനം 3 പ്രകാരം ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ച് 13 $m^3$ റബിൾ കെട്ടുകയും ചെയ്തു.എന്നാൽ $22.5m^3$ഡിപ്പാർട്ട്മെന്റ് റബിൾ പൊളിക്കാൻ $m^3$ ന് 1117.82 പ്രകാരം 25151 രൂപ നൽകുകയും സ്റ്റാക്ക് ചെയ്തപ്പോൾ 40% ന്റെ കുറവ് സംഭവിക്കുകയും ചെയ്തത് എപ്രകാരമെന്ന് വ്യക്തമാക്കിയിട്ടില്ല. പൊളിച്ച കല്ല് പൂർണ്ണമായി ഉപയോഗിക്കാതിരുന്നതിനാൽ ചുവടെ പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചു.

പൊളിച്ച കല്ലിന്റെ അളവ്-$22.5m^3$ -ഉപയോഗിച്ച അളവ്-$13m^3$ =ഉപയോഗിക്കാതിരുന്ന കല്ല് -9.5 $m^3$)

ഇനം 2 പ്രകാരം RR കല്ല് കെട്ട്-$15.237m^3$ X 4867.30 =74163.05

പൊളിച്ച കല്ല് ഉപയോഗിച്ചിരുന്നെങ്കിൽ 15.237-$9.5m^3$ = 5.737X4867.30=27923.70 രൂപ നൽകിയാൽ മതിയായിരുന്നു.

നൽകിയ തുക -74163

അനുവദനീയമായ തുക -27923.70

അധികം നൽകിയത് -46239.30

മേൽപ്പറഞ്ഞ വിഷയത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-3 ലൈബ്രറി സെസ്സ്-അടവാക്കുന്നതിൽ കാലതാമസം

സർക്കുലർ നമ്പർ. 10088/എൽ3/05/തസ്വഭവ തീയതി 20.09.2005 പ്രകാരം സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി അതത് വർഷം ഏപ്രിൽ 30 ന് അകവും നവംബർ 30 നകവും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കണം. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ പഞ്ചായത്ത് പിരിച്ചെടുത്ത തുകയായ 50227/- രൂപ 16.03.2017 തീയതിയിൽ (ചെക്ക് നമ്പർ 321860) മാത്രമാണ് ലൈബ്രറി കൗൺസിലിൽ ഒടുക്കിയത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം (6 എ) പ്രകാരം 2016-17 വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുകയായ 73349 രൂപ ചെക്ക് നമ്പർ 2552033 തീയതി 25-07-2017 പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കുകയും, ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതെ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 3-4 ഓഫീസ് വാഹന ഉപയോഗം- അപാകങ്ങൾ

രജിസ്ട്രേഷൻ നമ്പർ KL 21 A-2418 പ്രകാരമുള്ള പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടി വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച സംക്ഷിപ്ത രൂപം എല്ലാ മാസവും എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ 2016-17 വർഷം ടി വാഹനത്തിന്റെ ഇന്ധന പരിശോധന നടത്തിയിട്ടില്ല. വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയിരിക്കുന്നത് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസിൽ നിന്നാണ്. എന്നാൽ ജി.ഓ(പി) നം. 819/2000/Fin തീയതി 18-04-2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് നൽകിയ മറുപടി പ്രകാരം ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കില്ലെന്നും വാഹനത്തിന്റെ തുടർന്നുള്ള ഇൻഷ്വറൻസ് പുതുക്കൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടത്തുമെന്നും അറിയിച്ചു.

## 3-5 പത്ര പരസ്യം- അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ജി.ഓ(പി) നമ്പർ 17/15/I &PRD തീയതി 08-12-2015, ജി.ഓ (ആർ.ടി) നം. 288/14/I &PRD തീയതി 10.09.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നേരിട്ടോ പബ്ലിക് റിലേഷൻസ് വകുപ്പ് വഴിയോ നൽകുന്ന പത്ര പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ 2016-17 വർഷം പഞ്ചായത്തിൽ നിന്നും നൽകിയ പത്രപരസ്യങ്ങൾക്ക് മേൽ ഡിസ്കൗണ്ട് പ്രയോജനപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം, തീയതി | ബിൽ നം, തീയതി | പത്രത്തിന്റെ പേര് | തുക |
|---|---|---|---|---|
| 1 | 698/16-17<br>തീയതി 18.01.17 | TVM-2016127728/<br>11.12.2016 | ദേശാഭിമാനി | 12300 |
| 2 | 765/16-17<br>തീയതി 06.02.17 | TVM-<br>2017011565/<br>07.01.2017 | ദേശാഭിമാനി | 10560 |

| | | | | |
|---|---|---|---|---|
| | | TVM-<br>201701064/<br>01-01-2017 | ദേശാഭിമാനി | 5280 |
| 3 | 780/16-17<br>തീയതി 10.02.17 | No.60964039/<br>03.12.2016 | മാതൃഭൂമി | 16800 |
| 4 | 786/16-17<br>തീയതി 14.02.17 | TVM-2017013421/<br>14.02.17 | ദേശാഭിമാനി | 12320 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് ലഭിച്ച മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 50000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ (സാധാ)നം. .275/2010/ lsgd dated 27.1.2010 | 14856000 | 5942400 | 1485600 | | 4456800 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3-1 | 14653 | ശ്രീ.പ്രസന്ന ഭാസ്, AEE | 12.07.2016 |
| 2 | 2012-13 | 3-2 | 6630 | “ | 21.10.2016 |
| 3 | 2014-15 | 3-2 | 1800 | ഡോ.മനോജ് കുമാർ മെഡിക്കൽ ഓഫീസർ | 04.11.2016 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം / ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | വിഷയം | നിലവിലുള്ള അവസ്ഥ |
|---|---|---|---|
| -ഇല്ല- | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47198281 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39335815 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 26137.68 | ശ്രീമതി.രജനി.എസ് (അസി.എഞ്ചിനീയർ)<br>ഷാജി ഭവൻ, ആറ്റുംപുറം, കടയ്ക്കൽ പി.ഓ |
| | | | ശ്രീമതി ജീന, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി എസ്. രജനി, | അസിസ്റ്റന്റ് എഞ്ചിനീയർ, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | ഷാജി ഭവൻ,<br>ആറ്റുംപുറം, കടയ്ക്കൽ (പി.ഒ.) |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1103/02 തീയതി 21.06.2014 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1990/08 തീയതി 21.06.2014 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1772/02 തീയതി 21.06.2014 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.10/916/11 തീയതി 21-06-14 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.10/414/14 തീയതി 05-04-14 | |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.10/308/15 തീയതി 12-06-15 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.10/1630/14 തീയതി 01-08-14 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.10/745/15 തീയതി 12-10-15 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.10/229/15തീയതി 25.06.15/ 09.07.15 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1377/2016തീയതി 03.08.16 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2137/2016തീയതി 19.12.16 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ്, ഇവ അനുസരിച്ചും കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

അപാകങ്ങൾ

എ) ലേലം ഡിമാന്റ് ആയി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 31468

ആണ്. രജിസ്റ്ററിൽ ഇത് 317413 രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആർ.പി ഷെഡ്യൂളിൽ കളക്ഷൻ ആയി രേഖപ്പെടുത്തിയിരിക്കുന്നത് 32321 രൂപയും രജിസ്റ്ററിൽ ഇത് 31743 രൂപയും ആണ്.

ബി) തൊഴിൽ രഹിത വേതനം online transaction തുകയായ (BIMS) 259320 രൂപ I-(6) ഷെഡ്യൂളിലെ ഡിമാന്റിലും I-14(d) ഷെഡ്യൂളിലെ ചെലവിലും ഉൾക്കൊള്ളിച്ചിട്ടില്ല.

സി) പ്രോപ്പർട്ടി ടാക്സ് demand/collection/balance രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഡി) 2015-16 B4 ഷെഡ്യൂൾ പ്രകാരം literacy scheme grant ന്റെ ക്ലോസിംഗ് ബാലൻസ് 915 രൂപയാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഓപ്പണിംഗ് ബാലൻസ് ആയി 1213.55 രൂപ രേഖപ്പെടുത്തിയിരിക്കുന്നു (വ്യത്യാസം 1188.55 രൂപ). 2016-17 വർഷത്തെ B-4 ഷെഡ്യൂളിൽ 18646 രൂപ ബാലൻസ് ഉണ്ട്. RP 40(b) യിലെ ബാലൻസ് തുക 29834.55 രൂപയാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്